(സി) പുരാവസ്തു മൂല്യമുള്ള പൗരാണിക ഗൃഹങ്ങളുടെ തനിമ നിലനിർത്തി സംരക്ഷിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ ;

(ഡി) കുഞ്ചൻനമ്പ്യാർ, എഴുത്തച്ഛൻ, ചെറുശ്ശേരി, മൂലൂർ, കുമാരനാശാൻ തുടങ്ങിയവരുടെ വീടുകൾ ഏറ്റെടുത്ത് പുരാവസ്തു മ്യൂസിയമായി സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഫിഷറീസും സാംസ്ക്കാരിക കാര്യവും വകുപ്പു മന്ത്രി (ശ്രീ. ടി. കെ. രാമകൃഷ്ണൻ)

(എ) ഇതിനായി ജി. ഒ. എം. എസ് 111/2000/ തസ്വഭ എന്ന ഉത്തരവു പ്രകാരം ഒരു ആർട്ടിസാൻ ഹെറിറ്റേജ് കമ്മീഷൻ രൂപീകരിച്ചിട്ടുണ്ട്.

(ബി) പുരാവസ്തു വകുപ്പിന്റെ കീഴിൽ തൃപ്പൂണിത്തുറ ഹിൽപാലസ്, കോയിക്കൽ കൊട്ടാരം, പത്മനാഭപുരം കൊട്ടാരം, കൃഷ്ണപുരം കൊട്ടാരം, തൃശൂർ കൊല്ലങ്കോട് കൊട്ടാരം കോഴിക്കോട്, മാനന്തവാടി എന്നിവിടങ്ങളിൽ പുരാവസ്തു മ്യൂസിയങ്ങൾ സജ്ജീകരിച്ചിട്ടുണ്ട്.

(സി) പൗരാണിക പുരാവസ്തു മൂല്യമുള്ള ഗൃഹങ്ങളുടെ തനിമ നിലനിർത്തി സംരക്ഷിക്കുന്നതിനായി പൈതൃക സംരക്ഷണ നിയമം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു കഴിഞ്ഞിട്ടുണ്ട്. സാംസ്ക്കാരികവകുപ്പ് സെക്രട്ടറി ചെയർമാനും ചീഫ് ടൗൺ പ്ലാനർ കൺവീനറായും ഒരു ഹെറിട്ടേജ് കമ്മീഷൻ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്.

(ഡി) സാമ്പത്തിക സ്ഥിതി ഇതിനെപ്പറ്റി ചിന്തിക്കുന്നതിനനുകൂലമല്ല.

സ്മാരകങ്ങളുടെ നിർമ്മാണം

10 (*131) ശ്രീ. എം. മുരളി :

ശ്രീമതി ശോഭനാ ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തകഴി ശിവശങ്കരപ്പിള്ളയ്ക്ക് സ്മാരകം നിർമ്മിക്കുന്നതിനായി തകഴിയിലെ ശങ്കരമംഗലം തറവാട് സർക്കാരിന് വിട്ടുതന്നിട്ടുണ്ടോ ;

(ബി) അവിടെ എന്തെല്ലാം നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുമെന്നാണ് അതേറ്റെടുത്ത സന്ദർഭത്തിൽ സാംസ്ക്കാരിക വകുപ്പുമന്ത്രി പ്രഖ്യാപിച്ചത് എന്ന് അറിയിക്കാമോ ;

(സി) അതിനുവേണ്ടി ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ തുക എത്രയാണ് ;

(ഡി) ഇതുവരെ എന്തെല്ലാം തരത്തിലുള്ള നിർമ്മാണപ്രവർത്തനങ്ങൾ നടത്തിയെന്നു വിശദമാക്കാമോ ;

(ഇ) ആലപ്പുഴ ജില്ലയിൽ കുമാരനാശാൻ സ്മാരകവും വയലാർ സ്മാരകവും സ്ഥാപിക്കുമെന്ന് ഗവൺമെന്റ് പ്രഖ്യാപിച്ചിരുന്നുവോ ;

(എഫ്) എങ്കിൽ ഈ സ്മാരകങ്ങളുടെ നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഫിഷറീസും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി ശ്രീ. ടി. കെ. രാമകൃഷ്ണൻ

(എ) സർക്കാർ ഏറ്റെടുത്തിട്ടുണ്ട്.

(ബി) തകഴി ശിവശങ്കരപ്പിള്ള താമസിച്ചിരുന്ന കെട്ടിടം ഏറ്റെടുത്തു മ്യൂസിയം ആക്കുമെന്നും അദ്ദേഹത്തിന്റെ സ്മരണയ്ക്കായി സ്മൃതിമണ്ഡപം പണിയുമെന്നും പ്രഖ്യാപിച്ചിട്ടുണ്ട്.

(സി) പ്രത്യേകിച്ച് തുകയൊന്നും ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

(ഡി) തകഴിയുടെ ഭവനം ഏറ്റെടുത്തു മ്യൂസിയമാക്കുന്ന പണി പൂർത്തിയായി ഉൽഘാടനം നിർവഹിച്ചു കഴിഞ്ഞു. സ്മൃതി മണ്ഡപത്തിന്റെ പണി പൂർത്തിയായിട്ടുണ്ട്.

(ഇ) ഇല്ല.

(എഫ്) ചോദ്യം ഉദിക്കുന്നില്ല.

ബസ് യാത്രക്കാരുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ നടപടി

11 (*132) ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. എ. കണാരൻ :
ശ്രീ. എൻ. ആർ. ബാലൻ :
ശ്രീ. എ. അലി ഹസ്സൻ :
ശ്രീ. വർഗീസ് വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കെ. എസ്. ആർ. ടി. സി. ബസുകളിലെയും സ്വകാര്യ ബസുകളിലെയും യാത്രക്കാരുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടതുണ്ടെന്ന് സർക്കാർ കരുതുന്നുണ്ടോ ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് എന്തെങ്കിലും പരിശോധന നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ ;

(സി) കെ. എസ്. ആർ. ടി. സി. ബസുകളിലും സ്വകാര്യ ബസുകളിലും വനിതകൾക്കും വികലാംഗർക്കും എത്ര ശതമാനം സീറ്റുകൾ വീതമാണ് സംവരണം ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ഡി) സംസ്ഥാനത്ത് കെ. എസ്. ആർ. ടി. സി. ബസുകളിലും സ്വകാര്യ ബസുകളിലും സൗജന്യ യാത്ര നിയമപരമായി അനുവദിച്ചിട്ടുണ്ടോ ; എങ്കിൽ ഏതൊക്കെ വിഭാഗങ്ങൾക്കാണ് സൗജന്യയാത്ര അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ഇ) സംസ്ഥാനത്തെ മുതിർന്ന പൗരൻമാർ, മാറാവ്യാധികൾ പിടിപെട്ടു ചികിത്സയിൽ കഴിയുന്നവർ എന്നിവർക്ക് കെ. എസ്. ആർ. ടി. സി. ബസുകളിലും സ്വകാര്യ ബസുകളിലും സൗജന്യ നിരക്കിൽ യാത്രാ സൗകര്യം ഏർപ്പെടുത്തേണ്ടതുണ്ടെന്ന് സർക്കാർ കരുതുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly